**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 996** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ജില്ലാതലത്തിൽ സംയോജിത മത്സ്യ സംസ്കരണ - മൂല്യവർദ്ധിത കേന്ദ്രങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ ലഭിക്കുന്ന മത്സ്യത്തിന്റെ സംസ്കരണം, ശീതീകരണം, മൂല്യവർധിത ഉൽപ്പന്ന നിർമ്മാണം, ബ്രാൻഡിംഗ്, കയറ്റുമതി എന്നിവയിലൂടെ കൂടുതൽ മൂല്യം ഉറപ്പാക്കുന്നതിനും അതിന്റെ പ്രയോജനം നേരിട്ട് മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്കും ലഭിക്കുന്നതിനുമായി ജില്ലാതലത്തിൽ സംയോജിത മത്സ്യ സംസ്കരണ - മൂല്യവർദ്ധിത കേന്ദ്രങ്ങൾ (ഇന്റഗ്രേറ്റഡ് ഫിഷ് പ്രോസസ്സിംഗ് & വാല്യൂ അഡിഷൻ സെന്റേഴ്സ്) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംയോജിത മത്സ്യ സംസ്കരണ - മൂല്യവർദ്ധിത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ മത്സ്യത്തിന്റെ ശേഖരണം ശീതീകരണം, ശുചിത്വപരമായ സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പാക്കേജിംഗ് സംഭരണം, വിപണനം എന്നിവ ഏകോപിതമായി നടപ്പാക്കാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും മെച്ചപ്പെട്ട വിപണന സൗകര്യവും കൂടുതൽ വരുമാനവും ഉറപ്പാക്കുന്നതിനും, മത്സ്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി ആഭ്യന്തര കയറ്റുമതി വിപണി വിപുലീകരിക്കുന്നതിനും ഇത്തരം കേന്ദ്രങ്ങൾ സഹായകമാകും. ജില്ലാതലത്തിൽ സംയോജിത മത്സ്യ സംസ്കരണ – മൂല്യവർദ്ധിത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ തലത്തിൽ ആലോചിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**